റാവു സാഹിബ് എ. മാധവപ്രഭു: പറയാൻ നിവർത്തിയില്ല. ഓർമ്മകൊണ്ടാണു് അങ്ങിനെ ഒരു ഹർജ്ജി തന്നിട്ടുണ്ടെന്നു് പറഞ്ഞതു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: തിയ്യതി അറിയാൻ പാടില്ലാതെ എങ്ങിനെയാണു് ഓർമ്മവെച്ചു് അന്നേദിവസം ഒരു ഹർജ്ജി കിട്ടിയിട്ടുണ്ടെന്നു് പറയാൻ സാധിക്കുന്നതു്?

മിസ്റ്റർ എം. ശിവരാമമേനോൻ: ഒരാൾ ഒരു കാര്യം വന്നു പറഞ്ഞാൽ അങ്ങിനെ ഒരു കാര്യം പറഞ്ഞിട്ടുണ്ടെന്നു് ഡയറിയിൽ ഓർമ്മയില്ലെങ്കിലും പറയാൻ സാധിക്കയില്ലെ?

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: Corrupt practices നടത്തിയെന്നു്, എലക്ഷൻ കമ്മീഷൻ മുമ്പാകെ ആക്ഷേപം വന്ന അവസരത്തിൽ അതിലെ കക്ഷികളെ നോട്ടീസ്സയച്ചു വരുത്തി അവരുടെ വാദം കേട്ടതിനുശേഷമല്ലെ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കീട്ടുള്ളതു്?

മിസ്റ്റർ എം. ശിവരാമമേനോൻ: അതെ.

മിസ്റ്റർ പി. ശങ്കരമേനോൻ: എലക്ഷൻ ചാർജ്ജസ് റിട്ടേൺ ശരിയായ സമയത്തു് അയക്കാതിരുന്നതുമൂലമുണ്ടായ ഡിസ്ക്വാളിഫിക്കേഷനിൽനിന്നു് മിസ്റ്റർ പിറയത്തിനെ ഗവർമ്മെണ്ടു് ഒഴിവാക്കിയിട്ടില്ലെ?

മിസ്റ്റർ എം. ശിവരാമമേനോൻ: ഉവ്വു്. മറ്റു പലരേയും അങ്ങിനെയുള്ള അയോഗ്യതയിൽനിന്നു് ഒഴിവാക്കിയിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: മിസ്റ്റർ പിറയത്തിന്റെ പേരിലുള്ള ഡിസ്ക്വാളിഫിക്കേഷനിൽനിന്നു് പിറയത്തിനെ ഒഴിവാക്കിയതു് എലക്ഷൻ ചാർജ്ജസ് സംബന്ധിച്ചുള്ള റിട്ടേൺ ഹാജരാക്കണമെന്നാവശ്യപ്പെടുന്ന നിയമത്തിലെ വ്യക്തമായ അധികാരം ഉപയോഗിച്ചുകൊണ്ടല്ലെ?

മിസ്റ്റർ എം. ശിവരാമമേനോൻ: അതെ. അതേ രൂപം അനുസരിച്ചുതന്നെയാണു് മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനവന്റേയും അയോഗ്യത ഒഴിവാക്കിയതു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: മിസ്റ്റർ പിറയത്തിന്റെ പേരിലുള്ള കേസ്സും എലക്ഷൻ ചാർജ്ജസ്സിന്റെ കണക്കു് വേണ്ടസമയത്തു് കൊടുത്തിട്ടില്ലായെന്നുള്ളതല്ലെ?

മിസ്റ്റർ എം. ശിവരാമമേനോൻ: അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എലക്ഷൻ കമ്മീഷൻ റിപ്പോർട്ട് ഗവർമ്മെണ്ടു് പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പു് അതു പുറത്തു പോകുന്നതു് തെറ്റല്ലേ?

മിസ്റ്റർ എം. ശിവരാമമേനോൻ: ഗവർമ്മെണ്ടിനു് അങ്ങിനെ റിപ്പോർട്ടു് പുറത്തുപോയി എന്നു് പറയാൻ നിവർത്തിയില്ല. കേസ്സിനെ സംബന്ധിച്ചു്, കോടതിയിൽ നടക്കുന്ന വിസ്താരത്തിന്റെ ഗതി നോക്കി അതിനെസംബന്ധിച്ചുണ്ടാകാൻപോകുന്ന ജഡ്ജിമെന്റ് എന്താണെന്നു് ചിലക്കൊക്കെ ഊഹിക്കുവാൻ കഴിയും. അങ്ങിനെ അതു് പത്രത്തിൽ പ്രസിദ്ധപ്പെടുത്താൻ ഇടയായെന്നുവരാം.

448. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ക്രമനമ്പർ 1-ാംനു പ്രസിദ്ധപ്പെടുത്തിയ അസാധാരണ ഗസറ്റിൽ 'Government are satisfied that this is a fit case for relieving the said Govinda Menon from the consequences arising therefrom" എന്നു പ്രസ്താവിച്ചിട്ടുള്ളതു് ഏതെല്ലാം കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു്;

(ബി) റിപ്പോർട്ടുപ്രകാരം കുറ്റം ചെയ്തിട്ടുള്ള മറ്റുള്ളവരെ ഇതുപോലെ ആ കുറ്റാരോപണങ്ങളിൽനിന്നു് ഒഴിവാക്കാഞ്ഞതു് അവരുടെ കേസ്സു് ഇതുപോലെ ഒഴിവാക്കുന്നതിനു് 'fit" അല്ലാത്തതുകൊണ്ടാണൊ?

മിസ്റ്റർ എം. ശിവരാമമേനോൻ:

(എ) കാരണങ്ങളും ഗവർമ്മെണ്ടിൽനിന്നും ക്രമനമ്പർ മീനം 1-ാംനു പുറപ്പെടുവിച്ച പ്രസ്സു് കമ്മൂണിക്കെയിൽ വിവരിച്ചിട്ടുണ്ടു്.

(ബി) മറ്റു രണ്ടുപേരിൽ ഒരാളുടെ കാര്യത്തിൽ അപേക്ഷ ഉണ്ടായിരുന്നില്ല. മറ്റൊരാളുടെ കാര്യം ആലോചനയിലിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly